പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6392 — 21.11.2019- ൽ മറുപടിക്ക്

## മങ്കട മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ടി.എ.അഹമ്മദ് കബീർ: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) |
| (എ) മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട അലൈൻമെന്റ് ഓപ്ഷന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) & (സി) മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ബൈപ്പാസ് ദേശീയപാത 966 (പഴയ എൻ.എച്ച് 213) ൽ വരുന്നതാണ്. പ്രസ്തുത ബൈപ്പാസ് 45 മീറ്റർ സ്ഥലമെടുത്ത് നാലുവരി പാതയായി നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്ന കൺസൾട്ടന്റായി M/s KITCO Ltd. Kochi ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തി നടന്നു വരുന്നതുമാകുന്നു. ബൈപ്പാസിന്റെ അലൈൻമെന്റ് ഓപ്ഷന്റെ പ്രസന്റേഷനുള്ള തീയതിയ്ക്കായി കേന്ദ്ര മന്ത്രാലയത്തിൽ അപേക്ഷിച്ചിട്ടുണ്ട്. മന്ത്രാലയത്തിൽ നിന്നുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല. |
| (ബി) 2016-17 ബജറ്റിൽ ഉൾപ്പെടുത്തിയ പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന് അനുവദിച്ച തുകയിൽ നിന്നും എത്ര രൂപ നിലവിൽ ചെലവ് വന്നിട്ടുണ്ട്; വ്യക്തമാക്കുമോ; | |
| (സി) 2016-17-ൽ പ്രഖ്യാപിച്ച ടി പദ്ധതി നാളിതുവരെ നടപ്പാക്കാൻ സാധിക്കാത്തത് സർക്കാർ ഗൗരവമായി എടുക്കുമോ; | |
| (ഡി) കേന്ദ്ര മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) കേന്ദ്ര മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ